## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3649. 23.06.2014 ൽ മറുപടിയ്ക്ക്.

### വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നത് കമ്പനികൾ തന്നെ മോട്ടോർ വാഹന വകുപ്പിനെ അറിയിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. എ.എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് നിരത്തിലിറങ്ങുന്ന വാഹനങ്ങൾ യഥാസമയം ഇൻഷ്വർ ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സംവിധാനം മോട്ടോർവാഹന വകുപ്പിൽ നിലവിലുണ്ടോ ; | (എ) | ഉണ്ട്. ഇൻഷ്വറൻസ് ഉള്ള വാഹനങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്ത് നല്കാറുള്ളൂ. മറ്റു സേവനങ്ങൾക്കായി വരുമ്പോഴും ചെക്കിങ് നടത്തുമ്പോഴും ഇൻഷ്വറൻസ് ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |
| (ബി) | ഇൻഷ്വറൻസ് കമ്പനികൾ വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുമ്പോൾ ഓൺലൈനിലൂടെ യഥാസമയം മോട്ടോർ വാഹന വകുപ്പിനെ അറിയിക്കാനും യഥാസമയം ഇൻഷ്വറൻസ് പുതുക്കാത്ത വാഹന ഉടമകൾക്ക് നോട്ടീസ് നൽകുവാനുമുള്ള സംവിധാനം വകുപ്പിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | വാഹനങ്ങളുടെ ഇൻഷ്വറൻസ് സംബന്ധമായ വിവരങ്ങൾ പങ്കുവയ്ക്കുന്നതിനായി ഇൻഷ്വറൻസ് റഗുലേറ്ററി അതോറിറ്റിയുടെ അനുബന്ധ സ്ഥാപനമായ ഇൻഷ്വറൻസ് ഇൻഫർമേഷൻ ബ്യൂറോ (ഐ.ഐ.ബി) യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. യഥാസമയം ഇൻഷ്വറൻസ് പുതുക്കാത്ത വാഹന ഉടമകൾക്ക് നോട്ടീസ് നൽകുവാനുള്ള ഒരു സംവിധാനവും ഇപ്പോൾ മോട്ടോർ വാഹന വകുപ്പിന് ഇല്ല. |

സെക്ഷൻ ഓഫീസർ.